**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ട്രിഡ - സാഫല്യം കോംപ്ലക്സിൽ കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് (സുരഭി) വാടകയ്ക്ക് നൽകിയിട്ടുള്ള ജി- 18-ാം നമ്പർ കടയുടെ വാടക കുടിശ്ശിക അടവാക്കൽ - കാലാവധി നീട്ടി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.988/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/05/2021

---

പരാമർശം:- 1 01/08/2020ലെ ഐ.എ.4/85/2020/തസ്വഭവ നമ്പർ സർക്കാർ കത്ത്.

2 സുരഭി പ്രസിഡന്റിന്റെ 30.10.2020ലെ T-68/B1/2020 നമ്പർ നിവേദനം.

3 ട്രിഡ സെക്രട്ടറിയുടെ 20/04/2021ലെ ആർ3/4413/97/ട്രിഡ/ജി-18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ട്രിഡ ചെയർമാന്റെ അപേക്ഷയെ തുടർന്ന് ട്രിഡയുടെ ഉടമസ്ഥതയിലുള്ള പാളയം സാഫല്യം കോംപ്ലക്സിൽ കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസ്സൈറ്റി ലിമിറ്റഡിന് (സുരഭി) വാടകയ്ക്ക് നൽകിയിട്ടുള്ള ജി-18 നമ്പർ കടമുറി ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടി സ്വീകരിക്കുവാൻ പരാമർശം(1) പ്രകാരം ട്രിഡയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം വാടക കുടിശ്ശിക അടച്ച് തീർക്കുന്നതിന് 6 മാസത്തെ സാവകാശം നൽകണമെന്നും റിക്കവറി നടപടികൾ ഒഴിവാക്കി ഷോറൂം നിലനിർത്തി വാടക കുടിശ്ശിക ഗഡുക്കളായി അടച്ച് തീർക്കുവാനുള്ള അനുവാദം നൽകണമെന്നും സുരഭി പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി. ട്രിഡ കോംപ്ലക്സിലെ വാടക കുടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, എ.ജി. ഓഡിറ്റ് പരാമർശങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിലും കുടശ്ശിക തുക അധികരിക്കുന്ന സാഹചര്യത്തിലും ജി-18 -ാം നമ്പർ കടയുടെ വാടക കുടിശ്ശിക എത്രയും വേഗം അടവാക്കുന്നതിന് കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസ്സൈറ്റി ലിമിറ്റഡിന് നിർദ്ദേശം നൽകണമെന്ന് പരാമർശം (3) പ്രകാരം ട്രിഡ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതുപ്രകാരം കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് ഒരു തവണകൂടി ഇളവ് നൽകി വാടക കുടിശ്ശിക അടക്കുന്നതിന് 6 മാസത്തെ സമയം അനുവദിച്ച് ഉത്തരവാകുന്നു. ഈ കാലാവധിക്കു ശേഷം കുടിശ്ശിക അടച്ച് തീർത്തില്ലായെങ്കിൽ കട ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ട്രിഡ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എം**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, ട്രിഡ

പ്രിസിഡന്റ്, കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ്

സൊസ്സൈറ്റി ലിമിറ്റഡ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വംയഭരണ വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വ്യവസായ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.